പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .50 10/03/2015-ൽ മറുപടിക്ക്

## വൈദ്യുതി ഉല്പാദന മേഖലയിലെ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീഎ.പ്രദീപ്കുമാർ,<br>,,എം.ചന്ദ്രൻ<br>,,ടി.വി.രാജേഷ്<br>,,ആർ.രാജേഷ്. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ഉല്പാദന മേഖലയിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം<br>1. 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള 42 പീക്കോ ചെറുകിട പദ്ധതി കൾ കേന്ദ്ര സഹായത്തോടു കൂടി പൂർത്തീകരി ച്ചിട്ടുണ്ട്.<br>2. ചിമ്മിനി (2.5 MW), ആഢ്യൻപാറ (3.5MW), വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW) ഭൂതത്താൻകെട്ട് (24 MW), പൊരിങ്ങൽകുത്ത് (24 MW)എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം സമയ ബന്ധിതമായി പുരോഗമിക്കുന്നു.<br>3. സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദന മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ മിക്കവാറും സമയബന്ധിതമായി പൂർത്തീകരി ക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനയാണ് അധികമായി ലക്ഷ്യമിട്ടത്; അതിനായി ഏതെല്ലാം മേഖലയിൽ ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു; | (ബി) പുതുതായി ആവിഷ്കരിച്ച മുകളിൽ പ്രസ്താ വിച്ച 6 ജല വൈദ്യുത പദ്ധതികൾ വഴി 63.6 മെഗാവാട്ട് സ്ഥാപിത ശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. |

BOOT അടിസ്ഥാനത്തിൽ 25 ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ 110.2 MW സ്ഥാപിതശേഷി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പീക്കോ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 65 kW സ്ഥാപിതശേഷിയാണ് ലക്ഷ്യമിട്ടത്. ഇതിൽ 45KW ന്റെ 42 പീക്കോ ജലവൈദ്യുത ടർബയിനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 10000 റൂഫ് ടോപ്പ് സൗരഗൃഹ പദ്ധതിയും, സോളാർ ഗ്രിഡ് കണക്ട് പദ്ധതിയും അനെർട്ടിന്റെ നേതൃത്വത്തിൽ ആവിഷ് കരിച്ച് നടപ്പാക്കി വരുന്നു. ഇതിൽ 10000 റൂഫ് ടോപ്പ് പദ്ധതി 2012 അവസാനത്തിൽ തുടക്കം കുറിക്കുകയും 2 വർഷം കൊണ്ട് പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോ വാട്ട് വീതം ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷി ഇതിനകം കൈവരിച്ചു കഴിഞ്ഞു.

(സി) ലക്ഷ്യം കൈവരിച്ച പദ്ധതികൾ ഏതെല്ലാം; പുതുതായി ആവിഷ്കരിച്ച് പൂർത്തിയാക്കിയ പദ്ധതികളിലൂടെ എത്ര മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനയുണ്ടായി;

സി).കെ.എസ്.ഇ.ബി.വഴിയും സ്വകാര്യ മേഖലയിലും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്ന് 45 കിലോവാട്ട് സ്ഥാപിതശേഷിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിയിൽ 7 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ഇതിനകം കൈവരിച്ചിട്ടുണ്ട്.

( ഡി) ഉദ്ദേശിച്ച ലക്ഷ്യം പൂർത്തിയായില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിക്കാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിൽ വന്ന കാലതാമസവും, വനഭൂമി ആവശ്യമായ പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാനുണ്ടായ കാലതാമസവുമാണ് പദ്ധതികളുടെ നിർമ്മാണം വൈകാൻ കാരണം.

(....3)

(ഇ) ഈ സർക്കാർ ലക്ഷ്യമിട്ട ഏതെല്ലാം വൈദ്യുത പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്യുകയുണ്ടായി?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (2011 മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ) 36.06 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 10 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതിൽ 2 പുനരുദ്ധാരണ പദ്ധതികളും ഉൾപ്പെടുന്നു. ഈ പദ്ധതികളിൽ നിന്നും 85.07 മില്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി ഉൽപ്പാദനം നടത്താൻകഴിയും. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.

പിക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്ന് 45 kW ന്റെ സ്ഥാപിതശേഷി വർദ്ധനവുണ്ടായി. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-II ൽ കൊടുത്തിരിക്കുന്നു. പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ 7000 ഓളം എണ്ണം ഇതിനകം കമ്മീഷൻ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ ഈ സർക്കാർ ലക്ഷ്യമിട്ട് താഴെപ്പറയുന്ന സോളാർ പവർ പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

1. Thycaud Women's & Childeren's Hospital -40 KW
2. AG'sOffice (Audit Bhavan) - 10KW
3. Medical College Hospital - 20KW
4. Kerala State Planning Board - 20KW
5. ANERT Hqrs Building - 15KW
6. Manmohan Bunglow - 3KW
7. Thycaud House - 2 KW

സെക്ഷൻ ഓഫീസർ

S-50
10/03/15

അനുബന്ധം 1

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (2011 മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ) പൂർത്തിയാക്കിയ ജനറേഷൻ പ്രോജക്ട്സ് താഴെപ്പറയുന്നു.

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | വാർഷിക ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | റാന്നിപെരുനാട് ചെറുകിട ജല വൈദ്യുതപദ്ധതി | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 1.5 | 3.94 |
| 3 | പീച്ചി ചെറുകിട ജല വൈദ്യുതപദ്ധതി | 1.25 | 3.21 |
| 4 | പാമ്പുംകയം (മാങ്കുളം) മിനി ജല വൈദ്യുതപദ്ധതി (IPP) | 0.11 | 0.29 |
| 5 | കാരിക്കയം ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7 | മീൻവല്ലം ചെറുകിട ജല വൈദ്യുതപദ്ധതി (IPP) | 3 | 8.37 |
| 8 | വിലങ്ങാട് ചെറുകിട ജല വൈദ്യുതപദ്ധതി | 7.5 | 22.63 |
| 9 | പൊരിങ്ങൽകുത്ത് (പുനരുദ്ധാരണം) | 2 | |
| 10 | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| ആകെ | | 36.06 | 85.07 |

സെക്ഷൻ ഓഫീസർ

5-50

അനുബന്ധം II

## പൂർത്തിയാക്കിയ പീക്കോ വൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പേര് | വില്ലേജ് | ജില്ല |
|---|---|---|---|
| 1 | ശ്രീ. വിനേഷ് ഡി | കല്ലാർ | ഇടുക്കി |
| 2 | ശ്രീ. ജിജോ ജോയ് | കമ്പനിരാട് തോട് | ഇടുക്കി |
| 3 | ശ്രീ. ജയേഷ് ഡി | കല്ലാർ | ഇടുക്കി |
| 4 | ശ്രീ. ജോയി പീറ്റർ | ടെനക്കർ തോട് | ഇടുക്കി |
| 5 | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, കേരള സ്റ്റേറ്റ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് | മുക്കളി പി.ഒ | പാലക്കാട് |
| 6 | ശ്രീ. ബിജു വർഗീസ് | കല്ലാർ | ഇടുക്കി |
| 7 | ശ്രീ. ബാബു ടി.ജി | തോക്കുപാറ | ഇടുക്കി |
| 8 | ശ്രീമതി സതി ദേവി | പള്ളിവാസൽ | ഇടുക്കി |
| 9 | ശ്രീമതി ഇന്ദിരാ ബായ് കെ.വി | തോക്കുപാറ | ഇടുക്കി |
| 10 | ശ്രീമതി ഡാർലി സണ്ണി | പള്ളിവാസൽ | ഇടുക്കി |
| 11 | ശ്രീമതി പാർവതി മേനോൻ | പള്ളിവാസൽ | ഇടുക്കി |
| 12 | ശ്രീമതി ലീലാമ്മ ജോർജ്ജ് | പള്ളിവാസൽ | ഇടുക്കി |
| 13 | ശ്രീമതി ജയന്തി ജോർജ് | കല്ലാർ | ഇടുക്കി |
| 14 | ശ്രീ. ജോജോ ചെറിയാൻ | പള്ളിവാസൽ | ഇടുക്കി |
| 15 | ശ്രീ. ആനന്ദൻ എം.എൻ | വാട്ടിയാർ | ഇടുക്കി |
| 16 | ശ്രീ. ലാലു സി.എം | പള്ളിവാസൽ | ഇടുക്കി |
| 17 | ശ്രീ. തോമസ് പി | ബൈസൻ വാലി, ചിന്നകനാൽ | ഇടുക്കി |
| 18 | ശ്രീമതി രാധ | പള്ളിവാസൽ | ഇടുക്കി |
| 19 | ശ്രീ. ടി.കെ. സുകുമാരൻ | ബൈസൻ വാലി | ഇടുക്കി |
| 20. | ശ്രീ. കെ.യു ഡോസ് | പള്ളിവാസൽ | ഇടുക്കി |
| 21. | ശ്രീ. ജേക്കബ് തളിയത്ത് | ആനവിരട്ടി | ഇടുക്കി |

S-50

| | | | |
|---|---|---|---|
| 2 | ശ്രീ. കെ ബാബു | ആനവിരട്ടി | ഇടുക്കി |
| 23. | ശ്രീ. രാധാകൃഷ്ണൻ കപ്പതിൽ | പള്ളിവാസൽ | ഇടുക്കി |
| 24. | ശ്രീ. ടോമി പ്ലാക്കാട്ട് | കാവിലുംപാറ | കോഴിക്കോട് |
| 25. | ശ്രീ. റോസമ്മ ജോഗി | തോണ്ടർനാട് | വയനാട് |
| 26. | ശ്രീ. ജോപ്പ ജോൺ | നിലമ്പൂർ | മലപ്പുറം |
| 27. | ശ്രീമതി റീബി ചാക്കോ | ദേവികുളം, വാട്ടിയാർ | ഇടുക്കി |
| 28. | ശ്രീ. പാണ്ടി എസ് | കന്തല്ലൂർ, ദേവികുളം | ഇടുക്കി |
| 29. | ശ്രീ. തോമസ് കുട്ടി | കലൈർ | ഇടുക്കി |
| 30. | കെ. വർഗിസ് | സൈലൻഡ് വാലി | ഇടുക്കി |
| 31. | ശ്രീ. ഐസക് വൈ. | കന്ദല്ലൂർ | ഇടുക്കി |
| 32. | ശ്രീ. എം. രാമാർ | കന്തല്ലൂർ | ഇടുക്കി |
| 33. | ശ്രീ. ജയപ്രകാശം | കന്തല്ലൂർ | ഇടുക്കി |
| 34. | എം. മുനിയാണ്ടി | കന്തല്ലൂർ | ഇടുക്കി |
| 35. | ശ്രീ. വിനു കൃഷ്ണൻ | എറണാകുളം | ഇടുക്കി |
| 36. | ശ്രീ. ബിനു | ഉടുമ്പൻചോല | ഉടുമ്പൻചോല |
| 37. | ശ്രീ. അനിൽ | ഇടുക്കി | ഇടുക്കി |
| 38. | ശ്രീ. കനിൽദേവൻ വി.പി | കന്തല്ലൂർ | കന്തല്ലൂർ |
| 39. | ശ്രീ. ചെല്ലയ്യ എസ് | കന്തല്ലൂർ | കന്തല്ലൂർ |
| 40. | ശ്രീ. ജയരാജ് എം | കന്തല്ലൂർ | കന്തല്ലൂർ |
| 41. | ശ്രീ. ഇലങ്കോ കെ | മറയൂർ | പള്ളനാട്, മറയൂർ |
| 42. | ശ്രീ. ബേസിൽ തമ്പി | മറയൂർ | തുങ്കവയൽ, മറയൂർ |

S 50
10/03/15
*50

I. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | സൗരോർജ്ജ പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൗണ്ടട് ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 2 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് | 0.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾ | 3.25 |
| | ആകെ | 10.55206 |

**II. മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പാരമ്പര്യേതര (കാറ്റ് / സൗരോർജ്ജം) പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 13 | Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി | 22 |
| 14 | എൻ.എച്ച്.പി.സി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന കാറ്റാടി പദ്ധതി. | 82 |
| 15 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്.പി.സി സ്ഥാപിക്കുന്ന സോളാർ പദ്ധതി. ഈ പദ്ധതിയിലേയ്ക്കായി എൻ.എച്ച്.പി.സി യുമായിട്ട് 07.05.2014 -ൽ കെ എസ്സ് ഇ ബി എൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു | 50 |
| 16 | കൂടാതെ സൗര വൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 10.06.2014 -ൽ " ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ട് സോളാർ സിസ്റ്റം" എന്ന പേരിൽ ഒരു മാർഗ്ഗ രേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. ഇതനുസരിച്ച് വിവിധ സ്ഥാപിത ശേഷികളിലായി 52 ഉപഭോക്താക്കൾ സൗരോർജ്ജ പ്ലാന്റിന്റെ ഗ്രിഡ് കണക്ടിവിറ്റിക്കായി കെ എസ്സ് ഇ ബി യെ സമീപിച്ചിട്ടുണ്ട്. ഇതിൽ 10 കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് കെ എസ്സ് ഇ ബി എൽ ഗ്രിഡിൽ കണക്ട് ചെയ്തു കഴിഞ്ഞു | 1.10213 |
| | ആകെ | 155.10213 |

S-50

## III. സംസ്ഥാനത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്ന മറ്റു പദ്ധതി

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി | 36 |
| 2 | ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോട് അനുബന്ധമായി പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട് | 400 |
| 3 | കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ-വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന താപവൈദ്യുത നിലയം. | 500 |

## IV. ചീമേനി കൽക്കരി വൈദ്യുത നിലയത്തെ പറ്റി പുനരാലോചന

താങ്ങാവുന്ന നിരക്കിലുള്ള വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കുക വഴി മാത്രമേ സമ്പൂർണ്ണ വൈദ്യുതി ലഭ്യത ജനസാമാന്യത്തിന് ഉറപ്പാക്കാനാവൂ. നിലവിലുള്ള സാങ്കേതികവിദ്യയുടെ പരിധിക്കുള്ളിൽ ഒരു കൽക്കരി വൈദ്യുത നിലയത്തിന്റെ ആവശ്യകതയാണ് ഇതു സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ ചീമേനിയിൽ കൽക്കരി വൈദ്യുത നിലയം സ്ഥാപിയ്ക്കുവാനുള്ള സർക്കാരിന്റെ മുൻകാല ഉത്തരവ് പുനർചർച്ച ചെയ്യണമെന്ന് കെ എസ്സ് ഇ ബി എൽ ആവശ്യപ്പെട്ടി